**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6636** **11-07-2024 - ൽ മറുപടിയ്ക്ക്**

**നെഹ്റു ട്രോഫി വള്ളംകളി കൂടുതൽ ജനകീയമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചരിത്രപ്രസിദ്ധമായ നെഹ്റുട്രോഫി വള്ളംകളി കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നെഹ്റുട്രോഫി വള്ളം കളി നിലവിൽ NTBR സൊസൈറ്റി (നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി) മുഖേനയാണ് നടത്തി വരുന്നത്. പ്രസ്തുത ജലമേളയിൽ പങ്കെടുക്കുന്ന എല്ലാ ക്ലബ്ബുകൾക്കും ബോണസ് നൽകിയും നിരവധി കലാ സാംസ്കാരിക പരിപാടികളും കലാ മത്സരങ്ങളും സംഘടിപ്പിച്ചും മേളയുടെ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. നെഹ്റുട്രോഫി വള്ളംകളി ജനകീയമാക്കുന്നതിന് ടൂറിസം വകുപ്പ് എല്ലാ പിന്തുണയും നൽകുന്നു. |
| (ബി) | പ്രസ്തുത വള്ളംകളിയുടെ പ്രാധാന്യം മനസ്സിലാക്കി ഇതിന് കൂടുതൽ സർക്കാർ ഗ്രാന്റ് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം നെഹ്റുട്രോഫി വള്ളം കളിയ്ക്കായി ഒരു കോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചിരുന്നു. ഈ വർഷത്തെ ധനസഹായം അനുവദിയ്ക്കുന്നതിനായി NTBR സൊസൈറ്റി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | നെഹ്റു ട്രോഫി വള്ളംകളിയിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് ഗ്രാന്റ് തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നെഹ്റു ട്രോഫി വള്ളംകളിയിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് NTBR സൊസൈറ്റി മുഖേനയാണ് ഗ്രാന്റ് അനുവദിക്കുന്നത്. നെഹ്റു ട്രോഫി വള്ളംകളിയിൽ പങ്കെടുത്ത വള്ളങ്ങൾക്ക് 2023 ൽ മുൻ വർഷത്തേക്കാൾ 10% വർദ്ധനവോടെ ഗ്രാന്റ് നല്കിയിട്ടുണ്ട്. 2024 ലും 10% വർദ്ധനവോടെ ഗ്രാന്റ് അനുവദിയ്ക്കുന്നതിനായി NTBR സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ